എഫ്. സി. ഐ. യുടെ മൊത്തവ്യാപാരം

*66. [70] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊത്തക്കടകളും നടത്താൻ വിഷമമാണെന്ന് എഫ്. സി. ഐ. ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം ;

(ബി) അതുപ്രകാരം എഫ്. സി. ഐ. യെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം കടകളും ഏതു വിധത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) എഫ്. സി. ഐ. ഇപ്പോൾ നടത്തുന്ന 10 കടകൾ വീതിച്ച് എത്ര എണ്ണമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇത്തരം കടകൾ സ്വകാര്യ വ്യക്തികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ സ്വകാര്യ വ്യക്തികൾക്ക് നൽകാതെ ഇത്തരം കടകൾ സിവിൽസപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കാൻ നടപടികൾ എടുക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഉണ്ട് 1980 മുതൽ ;

(ബി) ഉണ്ട്.

(സി) ജില്ലാ ആസ്ഥാന താലൂക്കുകൾ ഒഴികെയുള്ള താലൂക്കുകളിൽ റേഷൻ മൊത്ത വിതരണം ഇപ്പോൾ നടത്തി വരുന്നത് സഹകരണ സ്ഥാപനങ്ങളും സ്വകാര്യ ഏജൻസികളും ആകുന്നു. അതുപോലെയുള്ള സംവിധാനം ജില്ലാ ആസ്ഥാന താലൂക്കുകളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ അപേക്ഷകൾക്ക് മുൻഗണന നൽകുന്നതാണ്.

(ഡി) 10 ജില്ലകളിലായി ഇപ്പോൾ എഫ്. സി. ഐ. നടത്തി വരുന്ന 22 സബ് ഡിപ്പോകൾക്കു പകരം ഏകദേശം 91 റേഷൻ മൊത്ത വ്യാപാരികളെ നിയമിക്കേണ്ടി വരും.

(ഇ) ഇത്തരം കടകൾ സ്വകാര്യമേഖലക്ക് നൽകുമ്പോൾ സഹകരണ സംഘങ്ങളുടെ അപേക്ഷകൾക്ക് മുൻഗണന നൽകണമെന്നാണ് ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ളത്.

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ ഈ ജോലി ഏറ്റെടുത്ത് നടത്താൻ തയ്യാറല്ല. എന്നറിയിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് സ്വകാര്യ മേഖലവഴി മൊത്ത വിതരണം നടത്തുന്നതിനുള്ള നടപടി ആരംഭിച്ചത്.

(3) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ന്യായവില ഷാപ്പുകൾ

131. [184] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ന്യായവില ഷാപ്പുകളും, മാവേലിസ്റ്റോറുകളും, കേരള സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട് ;

(ബി) റേഷനരി, ഗോതമ്പ്, മണ്ണെണ്ണ പഞ്ചസാര തുടങ്ങിയവയുടെ വില വർദ്ധനവും, കൂലിച്ചെലവും വർദ്ധിപ്പിച്ച സ്ഥലവാടകയും, ഷാപ്പുടമകളുടെ അദ്ധ്വാനഭാരവും കണക്കിലെടുത്ത് ഇവയ്ക്കുള്ള കമ്മീഷൻ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 12.611 ന്യായവില ഷാപ്പുകളും 158 മാവേലി സ്റ്റോറുകളും (3 സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളുൾപ്പടെ) 100 കേരള സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇറക്കുമതിചെയ്ത ലെവി പഞ്ചസാര ന്യായവില ഷാപ്പുകൾ മുഖേന വിതരണം ചെയ്യുന്നതിനുള്ള കമ്മീഷൻ കാർഡലിന് 4 രൂപ 50 പൈസ എന്നത് 1-3-1986 മുതൽ 10 രൂപയായി ഉയർത്തിയിട്ടുണ്ട്. മറ്റു സാധനങ്ങളെ സംബന്ധിച്ചിടത്തോളം 16-1-1984-ൽ ആണ് റേഷൻ വ്യാപാരികളുടെ ലാഭ വിഹിതം പുതുക്കി നിശ്ചയിച്ചത്. ലാഭവിഹിതം ഇനിയും വർദ്ധിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്ത വെളിച്ചെണ്ണ

132. [185] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് :
,, പി. വി. മുഹമ്മദ് :
,, സി. ടി. അഹമ്മദലി :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 1986 ഫെബ്രുവരി മാസം വരെ മാവേലിസ്റ്റോർ, റേഷൻ കടകൾ എന്നിവവഴി എത്ര ടൺ വെളിച്ചെണ്ണ വിതരണം ചെയ്തു ;

(ബി) ടണ്ണിന് എന്തു വിലവെച്ചാണ് നാളികേര വികസന കോർപ്പറേഷനിൽ നിന്നും വെളിച്ചെണ്ണ വാങ്ങുന്നത് ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ എത്രടൺ എണ്ണ സ്റ്റോക്കുണ്ട് ;

(ഡി) എന്തു വിലയ്ക്കാണ് വെളിച്ചെണ്ണ മാവേലി സ്റ്റോർവഴി വിൽക്കുന്നത് ;

(ഇ) വെളിച്ചെണ്ണ സബ്സിഡി അനുവദിച്ച ഇനത്തിൽ 1986 ഫെബ്രുവരിമാസം വരെ ഗവൺമെന്റിന് എത്ര രൂപ ചെലവായി ?

ഉത്തരം

(എ) ഏകദേശം 3640 ടൺ.

(ബി) നാളികേര വികസന കോർപ്പറേഷനിൽ നിന്നും വെളിച്ചെണ്ണ വാങ്ങുന്ന വില അന്തിമമായി നിശ്ചയിച്ചിട്ടില്ല. ഇപ്പോൾ ടണ്ണിന് 12,500 രൂപ നിരക്കിലാണ് നൽകുന്നത്.

(സി) 1,028 മെട്രിക് ടൺ.

(ഡി) കിലോ ഗ്രാമിന് 15 രൂപാ നിരക്കിൽ.

(ഇ) സബ്സിഡി എത്രയെന്ന് ഇതുവരെ നിശ്ചയിച്ചിട്ടില്ല. ആയതിനാൽ ചെലവ് എത്രയെന്ന് ഇപ്പോൾ പറയുവാൻ നിർവാഹമില്ല.

സിവിൽസപ്ലൈസ് കോർപ്പറേഷനിലെ സ്പെഷ്യൽ റിക്രൂട്ടുമെന്റ്

133. [186] ശ്രീ. കെ.കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ആകെ എത്ര ഹെൽപ്പർമാർ ജോലി ചെയ്യുന്നുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly